**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 242** **23-08-2022 - ൽ മറുപടിയ്ക്ക്**

**അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) എന്ന തസ്തിക എന്നുമുതൽ ഒഴിഞ്ഞു കിടക്കുന്നു എന്ന് വ്യക്തമാക്കുമോ; | (എ) | 01/06/2022 മുതൽ |
| (ബി) | പ്രസ്തുത ഒഴിവ് നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (ബി) | ഡി.പി.സി കൂട്ടുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത ഒഴിവ് സീനിയർ ഗ്രേഡ് മലേറിയ ഓഫീസർ/ സീനിയർ ബയോളജിസ്റ്റ് എന്നീ വിഭാഗങ്ങളിൽ ഏത് വിഭാഗത്തിൽ നിന്നാണ് നികത്തേണ്ടതെന്ന് വ്യക്തമാക്കുമോ; | (സി) | സ.ഉ.(സാധാ) നം. 27/2017/ആ.കു.വ., തീയതി 18/02/2017 എന്ന സർക്കാർ ഉത്തരവിനെ ആധാരമാക്കി 1:1 അനുപാത പ്രകാരം ഹയർ ഗ്രേഡ് മലേറിയ ഓഫീസർ/സീനിയർ ബയോളജിസ്റ്റ് തസ്തികകളിൽ നിന്നും, ഇവരുടെ അഭാവത്തിൽ ജില്ലാ മലേറിയ ഓഫീസർ/ബയോളജിസ്റ്റ് തസ്തികകളിലെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നുമാണ് അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ/എന്റമോളജി) തസ്തികയിലെ നിയമനത്തിനായി പരിഗണിച്ചുവരുന്നത്. പ്രസ്തുത തസ്തികയിലെ തൊട്ടുമുൻപുള്ള നിയമനം ഹയർ ഗ്രേഡ് മലേറിയ ഓഫീസർ, സീനിയർ ബയോളജിസ്റ്റ് (1:1) എന്ന ക്രമത്തിലായിരുന്നു. നിലവിലുള്ള ഒഴിവിലേയ്ക്ക് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് ഇക്കാര്യങ്ങളും പരിഗണിയ്ക്കുന്നതാണ്. |
| (ഡി) | സീനിയർ ഗ്രേഡ് മലേറിയ ഓഫീസർമാരുടെയും സീനിയർ ബയോളജിസ്റ്റുമാരുടെയും ഏകീകൃത സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ